بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 28.06.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*21.06.2019ന് മുബാറക്ക് മോസ്ക്, ഇസ്ലാമാബാദ്, യു.കെയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നബി(സ)തിരുമേനിയുടെ ശ്രേഷ്ഠനായ ബദരീ സ്വഹാബി, ഹദ്റത്ത് സെയ്ദുബിൻ ഹാരിസയുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ ഹൃദയഹാരിയായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ الرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

തശഹ്ഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

ഹദ്റത്ത് സെയ്ദുബിൻ ഹാരിസയെക്കുറിച്ചുള്ള പരാമർശവുമായി ബന്ധപ്പെട്ട് ലഭ്യമായ കൂടതൽരേഖകളും സംഭവങ്ങളും ഞാനിന്ന് വിവരിക്കുന്നതാണ്.

സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു;

റബീഉൽ ആഖിർ, 6 ഹിജ്റിയിൽ നബിതിരുമേനി(സ) ഹദ്റത്ത് സെയ്ദു ബിൻ ഹാരിസയുടെ നേതൃത്വത്തിൽ ഏതാനും മുസ്ലിംകളെ ബനൂസുലൈം ഗോത്രത്തിലേക്കയച്ചു. നജ്ദിലെ ജമൂം പ്രദേശത്തായിരുന്നു അപ്പോൾ ഈ ഗോത്രം വസിച്ചിരുന്നത്. അവർ കുറച്ചു കാലമായി നബി(സ)തിരുമേനിക്കെതിരായി നീക്കം നടത്തുവാൻ തക്കം പാർത്തിരിക്കുകയായിരുന്നു. ഹദ്റത്ത് സെയ്ദുബിൻ ഹാരിസ ഈ ദൗത്യനിർവ്വഹണത്തിൽ നിന്നും തിരിച്ചെത്തി അധിക നാളായിട്ടുണ്ടായിരുന്നില്ല, നബി(സ) ജമാദിയുൽ ഊലായിൽ 170 സ്വഹാബാക്കളുടെ സൈന്യവ്യൂഹത്തോടൊപ്പം വീണ്ടും മദീനയിൽ നിന്നും അയയ്ക്കുകയുണ്ടായി. ചരിത്രകാരന്മാർ ഈ ഉദ്യമത്തിന്റെ കാരണം ഇപ്രകാരം എഴുതിയിരിക്കുന്നു; സിറിയയിൽ നിന്നും മക്കയിലെ ഖുറൈശികളുടെ ഒരു സംഘം പുറപ്പെട്ടിട്ടുണ്ടായിരുന്നു. അവരെ തടയുന്നതിനു വേണ്ടിയായിരുന്നു നബി(സ)തിരുമേനി ഈ സംഘത്തെ അയച്ചത്. ഹുസൂർ പറയുന്നു; ഞാൻ ഇവിടെ ഒരു കാര്യം കൂടി വ്യക്തമാക്കുകയാണ് അതായ് ഖുറൈശി സംഘം എപ്പോഴും ആയുധധാരികളായിട്ടായിരുന്നു കറങ്ങിയിരുന്നത്. മക്കയ്ക്കും സിറിയക്കുമിടയിലുള്ള അവരുടെ സഞ്ചാരം മദീനയുടെ വളരെ സമീപത്തുകൂടിയായിരുന്നു. അതുകാരണം അവർ എപ്പോഴും ഒരു ഭീഷണിയായിരുന്നു. അതിനും പുറമെ ആ ഗോത്രം കടന്നു പോകുന്നിടത്തെല്ലാം അറബ് ഗോത്രങ്ങളെ ഇസ്ലാമിനെതിരായി പ്രകോപിപ്പിക്കുകയും ചെയ്യുമായിരുന്നു. അതുകാരണമായി മുഴുവൻ അറബ് ഗോത്രങ്ങളിലും ഇസ്ലാമിനോടുള്ള ശത്രുതയുടെ ഭയാനകമായ തീ ആളിക്കത്തിയിരിക്കുകയയായിരുന്നു. അതുകൊണ്ടുതന്നെ അവരെ തടയേണ്ടത് അനിവാര്യമായിരുന്നു. ഏതായിരുന്നാലും നബി(സ)തിരുമേനിക്ക് ഈ സംഘത്തെക്കുറിച്ചുള്ള വിവരം ലഭിച്ചയുടനെ സെയ്ദുബിൻ ഹാരിസയെ അങ്ങോട്ടയയ്ക്കുകയുണ്ടായി. അവർ തന്ത്രപൂർവ്വം, തക്കംപാർത്തുകൊണ്ട് നീങ്ങുകയും ആരുമറിയാതെ ഈസ് എന്ന പ്രദേശത്തു വച്ച് അവരെ പിടികൂടുകയും ചെയ്തു. മദീനയിൽ നിന്നും നാലു ദിവസത്തെ യാത്രാ ദൂരമുള്ള, സമുദ്രദിക്കിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് ഈസ്. മുസ്ലിംകളുടെ പെട്ടെന്നുള്ള ആക്രമണത്തെ ചെറുക്കുവാൻ ആ സംഘത്തിന് സാധിച്ചില്ല. സ്വന്തം സാധന സാമഗ്രികൾ ഉപേക്ഷിച്ച് അവർ ഓടിപ്പോകുകയാണുണ്ടായത്. സൈദ് കുറച്ചു പേരെ ബന്ദിയാക്കിയും സംഘത്തിന്റെ മുതലുകൾ പിടിച്ചടക്കിയും കൊണ്ട് മദീനയിലേക്കു തിരിച്ചു. നബി(സ) തിരുമേനിയുടെ മുൻപിൽ ഹാജരായി.

അതുപോലെ ജമാദിയുൽ ആഖിർ 6 ഹിജ് രിയിൽ ഹദ്റത്ത് സെയ്ദുബിൻ ഹാരിസയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ മദീനയിൽ നിന്നും 36 മൈൽ ദൂരത്തായി സ്ഥിതി ചെയ്യുന്ന തറഫ് എന്ന ഒരു പ്രദേശത്തേക്ക് അയച്ചു. ആ സമയത്ത് അവിടെ ബനൂ സഅ്ലബ ഗോത്രത്തിലെ ആളുകളായിരുന്നു താമസിച്ചിരുന്നത്. എന്നാൽ സെയ്ദുബിൻ ഹാരിസ അവിടെ എത്തുന്നതിനു മുൻപായി തന്നെ ആ ഗോത്രത്തിന് തക്ക സമയത്ത് അറിവു ലഭിച്ചതിനാൽ അവർ അവിടെനിന്നും ചിതറിപ്പോകുക്കയാണുണ്ടായത്.

സെയ്ദുബിൻ ഹാരിസയുടെ മറ്റൊരു ചെറിയ യുദ്ധമാണ് ജമാദിയുൽ ആഖിർ 6 ഹിജ്റിയിൽ ഹിസ്മയിലേക്ക് അയച്ച യുദ്ധം. നബി(സ)തിരുമേനി സെയ്ദ്ബിൻ ഹാരിസയെ അഞ്ഞൂറു മുസ്ലിംകളോടൊപ്പം മദീനക്ക് വടക്ക് ബനൂ ജുസാമിന്റ വാസകേന്ദ്രമായിരുന്ന ഹിസ്മ എന്ന പ്രദേശത്തേക്ക് അയക്കുകയുണ്ടായി. ഈ ദൗത്യനിർവ്വഹണത്തിന്റെ ലക്ഷ്യമിതായിരുന്നു; നബി(സ)തിരുമേനിയുടെ ഒരു സ്വഹാബിയായിരുന്ന ദഹ്യാ കൽബി, സിറിയയിൽ നിന്നും റോമിലെ കൈസർ രാജാവിനെ കണ്ട് മടങ്ങുകയായിരുന്നു. ദഹ്യ ബനൂ ജുസാമിന്റെ പ്രദേശത്തുകൂടെ കടന്നുപോകുമ്പോൾ ആ ഗോത്രത്തിന്റെ തലവൻ ഹുനൈദ് ബിൻ ആരിള് തന്റെ ഗോത്രത്തിലെ ഒരു പാർട്ടിയെ കൂടെ കൂട്ടി ദഹ്യയെ ആക്രമിക്കുകയും കച്ചവട സാധനങ്ങളും കൈസർ നൽകിയ

സാധന സാമഗ്രികളുമെല്ലാം തട്ടിയെടുക്കുകയും ചെയ്തു. ദഹ്‌യ മദീനയിലെത്തി നബി(സ)തിരുമേനിക്ക് എല്ലാ സംഭവങ്ങളും വിവരിച്ചു കൊടുത്തു. അപ്പോൾ നബി(സ) തിരുമേനി സൈയ്ദുബിൻ ഹാരിസയെ അയക്കുകയുണ്ടായി. ദഹ്‌യയെയും സെയ്ദിന്റെ കൂടെ അയച്ചു. സൈദിന്റെ സൈന്യം വളരെ തന്ത്രപരമായി ശ്രദ്ധിച്ചു മുന്നോട്ടു നിങ്ങി. പകൽ പാത്തും പതുങ്ങിയുംരാത്രി സഞ്ചരിച്ചും ഹിസ്മയിലേക്കു നീങ്ങി. അങ്ങനെ പ്രഭാത സമയത്തു തന്നെ ബനൂജുസാമിലെ ആളുകളെ പിടികൂടി. ബനൂ ജുസാമും എതിർത്തു. ശരിക്കും യുദ്ധം നടന്നു എന്നാൽ മുസ്‌ലിംകളുടെ പെട്ടെന്നുണ്ടായ ആക്രമണത്തിനു മുൻപിൽ അവർക്ക് പിടിച്ചു നിൽക്കാനായില്ല. അല്പ നേരത്തെ യുദ്ധത്തിനു ശേഷം അവർ തിരിഞ്ഞോടുകയും ചെയ്തു. യുദ്ധമൈതാനം മുസ്‌ലിംകളുടെ നിയന്ത്രണത്തിലായി. അങ്ങനെ സെയ്ദുബിൻ ഹാരിസ ധാരാളം സ്വത്തും സാധനങ്ങളും മൃഗങ്ങളും നൂറോളം പേരെ ബന്ദികളാക്കിയും തിരിച്ചു വന്നു. ഹിസ്മ യുദ്ധം കഴിഞ്ഞ് ഒരു മാസത്തിനു ശേഷം നബി(സ)തിരുമേനി സെയ്ദുബിൻ ഹാരിസയെ വദിയുൽഖുറായിലേക്കയച്ചു. ഈ യുദ്ധത്തിൽ നിരവധി മുസ്‌ലിംകൾ ശഹീദായി. സെയ്ദിനും മുറിവേറ്റു. എന്നാൽ അല്ലാഹു അവന്റെ അനുഗ്രഹത്താൽ അദ്ദേഹത്തെ രക്ഷിച്ചു.

മുഅത്താ യുദ്ധം ജമാദിയുൽ അവ്വൽ 8 ഹിജ്‌രിയിലാണ് നടന്നത്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ നിവേദനം ചെയ്യുന്നു; നബി(സ)തിരുമേനി മുഅത്താ യുദ്ധത്തിനായി ഹദ്റത്ത സെയ്ദു ബിൻ ഹാരിസയെ അമീർ ആയി നിശ്ചയിച്ചു. നബി(സ)തിരുമേനി പറഞ്ഞു; സെയ്ദ് ശഹീദാകുകയാണെങ്കിൽ ജഅ്ഫർ അമീർ ആയിരിക്കും. ജഅ്ഫർ ശഹീദായി കഴിഞ്ഞാൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹാ നിങ്ങളുടെ അമീർ ആയിരിക്കും. ഇതു കേട്ടുകൊണ്ടിരുന്ന ഒരു യഹൂദി ഹദ്റത്ത് സെയ്ദിന്റ അടുക്കൽ പോയി അദ്ദേഹത്തോടു പറഞ്ഞു; നിങ്ങളുടെ റസൂൽ സത്യവാനാണെങ്കിൽ നിങ്ങൾ ജീവനോടെ തിരിച്ചു വരികയില്ല. ഹദ്റത്ത് സെയ്ദ് പറഞ്ഞു; ഞാൻ തിരിച്ചു വരികയോ വരാതിരിക്കുകയോ ചെയ്യട്ടെ ഞങ്ങളുടെ റസൂൽ തീർച്ചയായും സത്യറസൂൽ തന്നെയാകുന്നു. അല്ലാഹുവിന്റെ ഹിക്മത്ത്നുസരിച്ച് പിന്നീട് അതുപോലെതന്നെ സംഭവിക്കുകയും ചെയ്തു. ഹദ്റത്ത് സെയ്ദ് ശഹീദായി. അതിനുശേഷം ജഅ്ഫർ സൈന്യത്തിന്റെ നേതൃത്വം ഏറ്റെടുത്തു. അദ്ദേഹവും ശഹീദായി. അതിനുശേഷം ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ നേതൃസ്ഥാനം ഏറ്റെടുത്തു അദ്ദേഹവും ശഹീദായി. സൈന്യം ചിന്നിച്ചിതറലിന്റെ വക്കിലെത്തിയപ്പോൾ മുസ്‌ലിംകളുടെ അഭിപ്രായപ്രകാരം ഹദ്റത്ത് ഖാലിദുബ്ന് വലീദ് പതാക കയ്യിലേന്തി. അദ്ദേഹം മുഖേന അല്ലാഹു മുസ്‌ലിംകൾക്ക് വിജയം നൽകി . മുസ്‌ലിം സൈന്യത്തെ സുരക്ഷിതമായി തിരിച്ചെത്തിച്ചു.

ഹദ്റത്ത് സെയ്ദ്ബിൻ ഹാരിസ, ഹദ്റത്ത് ജഅ്ഫർ, ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹാ എന്നിവരുടെ ശഹാദത്ത് വിവരം നബി(സ) അറിഞ്ഞപ്പോൾ, അവരെക്കുറിച്ച് വിവരിക്കുവാനായി എഴുന്നേറ്റു. ഹദ്റത്ത് സെയ്ദിന്റെ വിവരണത്തോടെ ആരംഭിച്ചു. എന്നിട്ടു പറഞ്ഞു; അല്ലാഹുവേ നീ സെയ്ദിന് പൊറുത്തുകൊടുക്കേണമേ, നീ സെയ്ദിന് പൊറുത്തുകൊടുക്കേണമേ, സെയ്ദിനു പൊറുത്തു കൊടുക്കേണമേ. അല്ലാഹുവേ നീ ജഅ്ഫറിനും അബ്ദുല്ലാഹിബ്നു റവാഹയ്ക്കും പൊറുത്തുകൊടുക്കേണേമേ. ത്വബ്ഖാത്തുൽ കുബ്റയിൽ എഴുതിയിരിക്കുന്നു; ഹദ്റത്ത് സെയ്ദ് ശഹീദായപ്പോൾ അദ്ദേഹത്തിന്റെ കുടുംബത്തിലേക്ക് അനുശോചനമറിയിക്കുന്നതിനായി നബി(സ) തിരുമേനി പോയപ്പോൾ അദ്ദേഹത്തിന്റെ മകളുടെ മുഖത്ത് കരഞ്ഞതിന്റെ ലക്ഷണമുണ്ടായിരുന്നു. അതുകണ്ടപ്പോൾ നബി(സ)തിരുമേനിയുടെ കണ്ണുകളിൽ നിന്നും കണ്ണുനീരൊഴുകാൻ തുടങ്ങി. ശഹാദത്ത് സമയത്ത് സെയ്ദിന് 55 വയസ്സായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് സെയ്ദിന്റെ ജനാസ നമസ്കരിപ്പിച്ചു എന്നിട്ടു പറഞ്ഞു; സെയ്ദിനുവേണ്ടി പൊറുക്കലിനെത്തേടുക. അദ്ദേഹം ഓടിക്കൊണ്ട് സ്വർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നു.

ഹദ്റത്ത് ജബ്‌ല വിവരിക്കുന്നു, നബി(സ)തിരുമേനി ഏതെങ്കിലും യുദ്ധത്തിൽ പങ്കെടുക്കാറില്ലെങ്കിൽ ഹദ്റത്ത് അലിക്കും സെയ്ദിനുമല്ലാതെ മറ്റാർക്കും ആയുധം നൽകുമായിരുന്നില്ല. ഹദ്റത്ത് ജബല മറ്റൊരു രിവായത്തിൽ വിവരിക്കുന്നു; നബി(സ) തിരുമേനിക്ക് രണ്ട് ഒട്ടകക്കട്ടിലുകൾ(ഒട്ടകത്തിന്റെ പുറത്ത് ഇരിപ്പിടമായി ഉപയോഗിക്കുന്നത്) ഉപഹാരമായി ലഭിച്ചു. ഒരെണ്ണം അദ്ദേഹം സ്വയം ഉപയോഗിക്കുകയും മറ്റൊന്ന് ഹദ്റത്ത് സെയ്ദിനു നൽകുകയും ചെയ്തു. ഹദ്റത്ത് ജബല തന്നെ മറ്റൊരു രിവായത്തിൽ വിവരിക്കുന്നു; നബി(സ) തിരുമേനിക്ക് രണ്ട് ജുബ്ബകൾ സമ്മാനമായി ലഭിച്ചു. ഒരെണ്ണം അദ്ദേഹം സ്വയം എടുക്കുകയും മറ്റൊന്ന് ഹദ്റത്ത് സെയ്ദിനു നൽകുകയും ചെയ്തു. ഹദ്റത്ത് സെയ്ദിനെക്കുറിച്ച് 'നബി(സ)തിരുമേനിയുടെ പ്രേമി' എന്നാണ് പറയപ്പെട്ടിരുന്നത്.ഹദ്റത്ത് സെയ്ദിനെക്കുറിച്ച് നബി(സ)പറയാറുണ്ടായിരുന്നു; ജനങ്ങളിൽ വച്ച് ഏറ്റവുമധികം പ്രിയപ്പെട്ടവൻ അല്ലാഹു അനുഗ്രഹിച്ച വ്യക്തിയാണ്. അതായത് സെയ്ദ്(റ).

മുഅത്താ യുദ്ധത്തിന് പകരം ചോദിക്കുന്നതിനായി നബി(സ) തിരുമേനി സഫർ 11 ഹിജ്‌രിയിൽ ഒരു വലിയ സൈന്യത്തെ തയ്യാറാക്കി. ജനങ്ങളോട് റോമാക്കാർക്കെതിരെ യുദ്ധത്തിനു തയ്യാറാകാൻ പറഞ്ഞു. സൈന്യം തയ്യാറായിക്കഴിഞ്ഞപ്പോൾ അടുത്ത ദിവസം ഹദ്റത്ത് ഉസാമാബിൻ സെയ്ദിനെ വിളിച്ചു. എന്നിട്ട് ഈ ദൗത്യത്തിന്റെ ചുമതല അദ്ദേഹത്തിനെ ഏല്പിച്ചുകൊണ്ട് പറഞ്ഞു; സ്വന്തം പിതാവ് ശഹീദായ ഇടത്തേക്കു പോകുക. അതിവേഗത്തിൽ, അവർക്കു വിവരം ലഭിക്കുന്നതിന് മുൻപായി അവിടെ എത്തിച്ചേരുക. എന്നിട്ട് പ്രഭാതമാകുന്നതോടെ ആക്രമണം നടത്തുക. നബി(സ)പറഞ്ഞു; സെയ്ദിന് പകരം വീട്ടാനായി അവിടം കുതിരക്കുളമ്പുകളാൽ ചവിട്ടിയരയ്ക്കുക. ഹദ്റത്ത് ഉസാമയ്ക്ക് നബി(സ)തിരുമേനി കൂടുതൽ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പറഞ്ഞു; വഴികാട്ടിയെയും കൂടെ കൂട്ടുക.

അവിടത്തെ ശരിയായ അവസ്ഥയെക്കുറിച്ച് അറിവു ലഭിക്കുന്നതിനായി ആളുകളെ നിശ്ചയിക്കുക.അല്ലാഹു നിനക്ക് വിജയം നൽകട്ടെ. എത്രയും പെട്ടെന്ന് തിരിച്ചു വരിക. ആ

സമയത്ത് ഹദ്റത്ത് ഉസാമയുടെ പ്രായം പതിനേഴിനും ഇരുപതിനുമിടയിലായിരുന്നു. നബി തിരുമേനി ഹദ്റത്ത് ഉസാമയ്ക്കു വേണ്ടി സ്വന്തം കൈകൊണ്ട് ഒരു പതാക കെട്ടിയുണ്ടാക്കി. എന്നിട്ട് പറഞ്ഞു; അല്ലാഹുവിന്റെ നാമത്തിൽ ജിഹാദ് ചെയ്യുക അല്ലാഹുവിനെ നിഷേധിക്കുന്നവരുമായി യുദ്ധം ചെയ്യുക.

നബി(സ)തിരുമേനിയുടെ അസുഖം വർദ്ധിച്ചു. എങ്കിലും ഉസാമയുടെ സൈന്യത്തെ അയയ്ക്കുക എന്ന് നിർദ്ദേശം നൽകിക്കൊണ്ടിരുന്നു. തിങ്കളാഴ്ച നബി(സ)തിരുമേനിയുടെ അസുഖത്തിന് ശമനമുണ്ടായി. ഹദ്റത്ത് ഉസാമയോടു പറഞ്ഞു അല്ലാഹുവിന്റെ അനുഗ്രഹത്തോടെ പുറപ്പെടുക. അവിടെ നിന്നും വിരമിച്ച ഉസാമ ദൗത്യനിർവ്വഹണത്തിനായി പുറപ്പെട്ടു. അതിനിടയിൽ അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് ഉമ്മെ അയ്മനിൽനിന്നും ഒരു സന്ദേശവുമായി ഒരാൾ വന്നു. നബിതിരുമേനിയുടെ അവസാന സമയമായെന്നു മനസ്സിലാകുന്നു ആരോഗ്യാവസ്ഥ വളരെയധികം മോശമായിരിക്കുന്നു. ഈ ദുഖകരമായ വാർത്ത കേട്ടയുടനെ ഹദ്റത്ത് ഉമറിനെയും ഹദ്റത്ത് ഉബൈദയെയും കൂട്ടി റസൂലുല്ലാഹി(സ)യുടെ സമീപത്ത് തിരിച്ചെത്തിയപ്പോൾ മരണാസന്ന നിലയിലായിട്ടാണ് കണ്ടത്. റബീഉൽ അവ്വൽ 12ന് നബി(സ)തിരുമേനി നിര്യാതനായി. അതിനാൽ മുസ്‌ലിം സൈന്യം ജുസാം എന്ന പ്രദേശത്തു നിന്നും മദീനയിൽ തിരച്ചെത്തി. ഹദ്റത്ത് ബുറൈദ ഹദ്റത്ത് ഉസാമയുടെ പതാക നബിതിരുമേനിയുടെ വീടിനു മുൻപിൽ കൊണ്ടുപോയി നാട്ടി. ഹദ്റത്ത് അബൂബക്കറിനെ ബൈഅത്തു ചെയ്തുകഴിഞ്ഞപ്പോൾ അബൂബക്കർ(റ) ഹദ്റത്ത് ഉബൈദയോട് ദൗത്യനിർവ്വഹണത്തിന് പുറപ്പെടാനായി ആ പതാകയെടുത്ത് ഉസാമയുടെ വീട്ടിലെത്തുവാൻ കല്പിച്ചു. ഹദ്റത്ത് ബുറൈദ പതാകയുമായി സൈന്യം ആദ്യം നിന്നിടത്തെത്തി. നബി(സ)തിരുമേനിയുടെ നിര്യാണത്തിനു ശേഷം ഫിത്നയും നിഷേധവും വ്യാപിച്ചിരുന്നു. സ്വഹാബാക്കൾ ഹദ്റത്ത് അബൂബക്കർ(റ)നോടു പറഞ്ഞു; ഇപ്പോഴത്തെ സങ്കീർണ്ണാവസ്ഥ പരിഗണിച്ചുകൊണ്ട് ഉസാമയുടെ സൈന്യത്തെ അയക്കുന്നത് അല്പം താമസിപ്പിച്ചുകൂടെ. ഹദ്റത്ത് അബൂബക്കർ(റ) അതംഗീകരിച്ചില്ല

വന്യമൃഗങ്ങൾ എന്നെ കടിച്ചു വലിച്ചിഴച്ചാലും ശരി നബി(സ) തിരുമേനിയുടെ കല്പനപ്രകാരം ഞാൻ ഈ സൈന്യത്തെ അയയ്ക്കുകതന്നെ ചെയ്യുന്നതാണ്. സൈന്യം വീണ്ടും തയ്യാറായി. അവസ്ഥയുടെ സങ്കീർണ്ണത കണക്കിലെടുത്തുകൊണ്ട്, സൈന്യത്തെ തടയേണ്ടതാണെന്ന് സ്വഹാബാക്കൾ അഭിപ്രായം മുന്നോട്ടു വച്ചു. ഒരു നിവേദനപ്രകാരം ചില അൻസ്വാർ സ്വഹാബാക്കൾ ഹദ്റത്ത് ഉമർ(റ)നോടു പറഞ്ഞു, ഇനി അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായ അബൂബക്കർ(റ) സൈന്യത്തെ അയക്കാൻ തന്നെ തീരുമാനിച്ചിരിക്കുകയാണെങ്കിൽ പ്രായത്തിൽ ഉസാമയെക്കാളും മുതിർന്നയൊരാളെ സൈന്യത്തിന്റെ നേതാവായി നിശ്ചയിക്കുവാൻ താങ്കൾ അപേക്ഷിച്ചാലും . ആളുകളുടെ ഈ അഭിപ്രായങ്ങളുമായി ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് അബൂബക്കർ(റ)ന്റെ അടുത്തെത്തി. ഹദ്റത്ത് അബൂബക്കർ(റ) അപ്പോഴും തങ്ങളുടെ ആ ഉറച്ച തീരുമാനത്തോടെ പറഞ്ഞു; വന്യമൃഗങ്ങൾ മദീനയിൽ പ്രവേശിച്ച് എന്നെ എടുത്തുകൊണ്ടു പോയാലും ശരി നബി(സ) കല്പിച്ച ഈ കാര്യത്തിൽ നിന്നും ഞാൻ പിൻമാറുകയില്ല. ഹദ്റത്ത് അബൂബക്കർ(റ)ന്റെ ദൃഢനിശ്ചത്തോടെയുള്ള ആ തീരുമാനം കേട്ടതിനു ശേഷം ഹദ്റത്ത് ഉമർ(റ) സൈന്യത്തിന്റെ മുൻപിൽ തിരികെയെത്തി. എന്തായി കാര്യമെന്ന് ജനങ്ങൾ ചോദിച്ചപ്പോൾ അദ്ദേഹം ദേഷ്യത്തോടെ പറഞ്ഞു ; "എന്റെ മുന്നിൽ നിന്നും എത്രയും പെട്ടെന്ന് പോയിക്കൊള്ളുക" നിങ്ങൾ കാരണം എനിക്കിന്ന് റസൂലുല്ലായുടെ ഖലീഫയിൽ നിന്നും വഴക്കു കേൾക്കേണ്ടി വന്നു. അങ്ങനെ ഹദ്റത്ത് അബൂബക്കർ(റ)ന്റെ കല്പന പ്രകാരം ഉസാമയുടെ സൈന്യം ജുസുഫ് എന്ന സ്ഥലത്ത് ഒരുമിച്ചുകൂടി. ഹദ്റത്ത് അബൂബക്കർ(റ) അവിടെ പോകുകയും സൈന്യത്തെ അണിനിരത്തുകയും ചെയ്തു. ആ സമയത്ത് ഹദ്റത്ത് ഉസാമാ കുതിരപ്പുറത്തും റസൂലിന്റെ ഖലീഫയായ അബൂബക്കർ കാൽനടയായും നീങ്ങുകയായിരുന്നു. ഹദ്റത്ത് ഉസാമ പറഞ്ഞു, അല്ലയോ റസൂല്ലുല്ലായുടെ ഖലീഫാ! താങ്കൾ കുതിരപ്പുറത്തു യാത്ര ചെയ്താലും അല്ലങ്കിൽ ഞാനും താഴെയിറങ്ങി താങ്കളോടൊപ്പം നടക്കുകയാണ്. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു; അല്ലാഹുവാണെ താങ്കൾ അതിൽ നിന്നും താഴെ ഇറങ്ങുകയുമില്ല. ഞാൻ അതിൽ കയറി യാത്രചെയ്യുകയുമില്ല. എന്റെ കാലുകൾക്കെന്താ അല്പ നേരത്തേക്കായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പൊടിപുരളാൻ പാടില്ലെ. എന്തെന്നാൽ ഒരു യോദ്ധാവ് മുന്നോട്ടു വയ്ക്കുന്ന ഓരോ കാലടിക്കും പ്രതിഫലമായി എഴുനൂറു നൻമകൾ രേഖപ്പെടുത്തുന്നു, എഴുനൂറു പദവികൾ നൽകപ്പെടുന്നു. എഴുനൂറു തിൻമകൾ മാപ്പാക്കപ്പെടുന്നു.

ഈ സംഭവത്തിനു ശേഷം ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് ഉസാമയെ കാണുമ്പോഴെല്ലാം *അസ്സലാമു അലൈക്കും യാ അയ്യുഹൽ അമീർ*-അല്ലയോ അമീർ താങ്കൾക്ക് സമാധാനമുണ്ടാകട്ടെ എന്നു പറയുമായിരുന്നു. ഹദ്റത്ത് ഉസാമാ അതിനു മറുപടിയായി *ഗഫറല്ലാഹു ലക്ക യാ അമീറൽമുഅ്മിനീൻ* എന്നു പറയുമായിരുന്നു. അതായത് അല്ലയോ അമീറുൽ മുഅ്മിനീൻ അല്ലാഹു താങ്കൾക്കു പൊറുത്തു തരുമാറാകട്ടെ.

ഹദ്റത്ത് ഉസാമയുടെ സൈന്യത്തിന് ഹദ്റത്ത് അബൂബക്കർ(റ) ഈ ഉപദേശങ്ങൾ നൽകുകയുണ്ടായി, നിങ്ങൾ വിശ്വാസവഞ്ചന കാണിക്കരുത് വാഗ്ദാനലംഘനം നടത്തരുത്,കളവ് നടത്തരുത്, മുസല ചെയ്യരുത്(ശവശരീരം വികൃതമാക്കരുത്). ചെറിയ കുട്ടികളെയും സ്ത്രീകളെയും വൃദ്ധൻമാരെയും വധിക്കരുത്. ഈന്തപ്പനകൾ വെട്ടി നശിപ്പിക്കുകയോ കത്തിച്ചു നശിപ്പിക്കുകയോ ചെയ്യരുത്. ആടുമാടുകളെയും ഒട്ടകങ്ങളെയും ഭക്ഷിക്കാനായിട്ടല്ലാതെ അറുക്കരുത്. തുടർന്നദ്ദേഹം പറഞ്ഞു, ചർച്ചുകളിൽ ആരാധനയ്ക്കായി സ്വയം സമർപ്പിച്ച സമൂഹത്തിനിടിയിലൂടെയും നിങ്ങൾക്ക് കടന്നുപോകേണ്ടിവരും അവരെ വിട്ടുകളയുക. ഭക്ഷണത്തളികയിൽ വിവിധ ഗുണത്തിലും തരത്തിലുമുള്ള ഭക്ഷണങ്ങളുമായിവരുന്നവരെയും നിങ്ങൾ കാണും. നിങ്ങളതിൽ നിന്നും ഭക്ഷിക്കുകയാണെങ്കിൽ ബിസ്മില്ലാഹ് ചൊല്ലിക്കൊ

ണ്ട് കഴിക്കുക. നിങ്ങൾ മറ്റൊരു വിഭാഗം ആളുകളുടെ അടുത്തെത്തും അവരുടെ തലമുടി തലയുടെ നെറുകിൽ നിന്നും മുണ്ഡനം ചെയ്തിട്ടുണ്ടാകും. മുടി മുടഞ്ഞു തൂക്കിയിട്ടുണ്ടാകും. അവരെ വാളുകൊണ്ട് ചെറിയ പോറലേല്പിക്കുക എന്നിട്ട് സ്വയം പ്രതിരോധത്തിനുള്ള ഏർപ്പാടു ചെയ്യുക. അല്ലാഹു നിങ്ങളെ പ്ലേഗ് തുടങ്ങിയ പകർച്ചവ്യാധികളിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. അങ്ങനെ റബീഉൽ അവ്വൽ ഒന്നിന് 11 ഹിജ്‌രിയിൽ ഉസാമ തന്റെ സൈന്യത്തോടൊപ്പം മദീനയിൽ നിന്നും പുറപ്പെട്ടു താവളങ്ങൾ താണ്ടി നബി(സ) തിരുമേനിയുടെ വസിയ്യത്ത് അനുസരിച്ച് അബ്നാ പ്രദേശത്തെത്തി പ്രഭാതമായതോടുകൂടി നാലുദിക്കുകളിൽ നിന്നും ആ പ്രദേശത്തെ ആക്രമിച്ചു.

ഈ യുദ്ധത്തിൽ മുസ്‌ലിം യോദ്ധാക്കളോടേറ്റുമുട്ടിയവരെല്ലാം മരണപ്പെട്ടു. നിരവധി പേരെ ബന്ദികളാക്കി. ധാരാളം യുദ്ധമുതലുകൾ ലഭിച്ചു.അതിൽ നിന്നും അഞ്ചിലൊരു ഭാഗം മാറ്റിവച്ച് ബാക്കി സൈനികർക്കിടയിൽ വിതരണം ചെയ്തു. ഈ യുദ്ധം കഴിഞ്ഞ് സൈന്യം ഒരു ദിവസം അവിടെതന്നെ താമസിച്ചു. അടുത്ത ദിവസം മദീനയിലേക്കുള്ള യാത്രയാരംഭിച്ചു.

വിജയശ്രീലാളിതരായ ഈ സൈന്യം മദീനയിലെത്തിയപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അൻസ്വാറുകളെയും മുഹാജിറുകളെയും കൂട്ടി മദീനക്കു പുറത്തിറങ്ങിക്കൊണ്ട് അവർക്ക് നല്ല സ്വീകരണം നൽകി. സൈന്യം മദീനയിൽ പ്രവേശിച്ച് മസ്ജിദ് നബവി വരെ പോയി. ഹദ്റത്ത് ഉസാമ പള്ളിയിൽ രണ്ടു റക്അത്ത് നഫൽ നമസ്കരിച്ചതിനു ശേഷം വീട്ടിലേക്കു പോയി.

ഉസാമയുടെ സൈന്യത്തെ അയച്ചത് മുസ്‌ലിംകൾക്ക് വളരെ ഗുണകരമായിത്തീർന്നു. മുസ്‌ലിംകളിൽ ശക്തിയും ശേഷിയും ഇല്ലായിരുന്നുവെങ്കിൽ ഒരിക്കലും ഈ സൈന്യത്തെ അയക്കുമായിരുന്നില്ല എന്ന് അറബികൾ പറയാൻ തുടങ്ങി. അങ്ങനെ നിഷേധികൾ മുസ്‌ലിംകൾക്കെതിരായി ആസൂത്രണം ചെയ്തിരുന്ന പല പദ്ധതികളും അവർ ഉപേക്ഷിച്ചു. അല്ലാഹു നമ്മുടെ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ പ്രിയപ്പെട്ടവരായിരുന്ന ഹദ്റത്ത് സെയ്ദുബിൻ ഹാരിസയുടെയും അദ്ദേഹത്തിന്റെ മകനായ ഉസാമാ ബിൻ സെയ്ദിന്റെയും മേൽ ആയിരമായിരം അനുഗ്രഹങ്ങളും കാരുണ്യങ്ങളും വർഷിക്കുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ ബഹുമാനപ്പെട്ട സിദ്ദീഖ് ആദം സാഹിബ് ഓഫ് ഐവറികോസ്റ്റ്, ബഹുമാന്യ ഗുലാ മുസ്തഫാ സാഹിബ് ഓഫ് ഒക്കാഡ പാക്കിസ്ഥാൻ എന്നിവരെ സ്മരിക്കുകയും ശേഷം അവരുടെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 28.06.2019
Malayalam Translation : **Mou.Najmudheen** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516